പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1415** **13. 06. 2014-** ലെ മറുപടി

'നിതാഖത്ത്' മൂലം തൊഴിൽ നഷ്ടപ്പെട്ട മലയാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശരാജ്യങ്ങളിൽ നടപ്പിലാക്കിയ നിതാഖത്ത് വഴി തൊഴിൽ നഷ്ടപ്പെട്ട എത്ര മലയാളികൾ മടങ്ങിയെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) നിതാഖത്ത് വഴി തൊഴിൽ നഷ്ടപ്പെട്ട മലയാളികളുടെ കണക്ക് ഈ വകുപ്പിൽ ലഭ്യമല്ല. എന്നാൽ സൗദി അറേബ്യയിലെ നിതാഖത്ത് നിയമം മൂലം കേരളത്തിൽ തിരികെയെത്തിയവർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 2330 |
| കൊല്ലം | 2182 |
| പത്തനംതിട്ട | 351 |
| ആലപ്പുഴ | 685 |
| ഇടുക്കി | 77 |
| കോട്ടയം | 219 |
| എറണാകുളം | 422 |
| തൃശൂർ | 620 |
| പാലക്കാട് | 1532 |
| കോഴിക്കോട് | 2719 |
| മലപ്പുറം | 9274 |
| കണ്ണൂർ | 1423 |
| വയനാട് | 554 |
| കാസർഗോഡ് | 246 |
| ആകെ | 22634 |

| | |
|---|---|
| (ബി) ഇവരുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചെന്ന് വിശദമാക്കാമോ; | (ബി) നിതാഖത്ത് മൂലം തിരികെയെത്തിയവർക്ക് നോർക്ക വകുപ്പിന്റെ നിലവിലുള്ള ക്ഷേമ പദ്ധതികളായ സാന്ത്വന, ചെയർമാൻ ഫണ്ട് എന്നീ ധനസഹായ പദ്ധതികളുടെയും, തിരികെയെത്തി സ്വയം സംരംഭങ്ങൾ |

തുടങ്ങുവാൻ ആഗ്രഹിക്കുന്നവരെ സഹായിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം, 20 ലക്ഷം വരെയുള്ള സംരംഭങ്ങൾക്ക് മൂലധന സബ്സിഡിയോടുകൂടി ബാങ്ക് വായ്പ ലഭ്യമാക്കുന്ന NDPREM, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. കൂടാതെ സൗദി അറേബ്യയിലെ നിതാഖത്ത് നിയമം മറ്റ് ഗൾഫ് രാജ്യങ്ങളിൽ നടപ്പിലാക്കി വരുന്ന സ്വദേശിവത്കരണ നിയമം എന്നിവ മൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികളുടെ പുനരധിവാസം മുൻനിർത്തി സമഗ്രമായ ഒരു പുനരധിവാസ പാക്കേജിന് രൂപം നൽകി അത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

<u>പ്രസ്തുത പുനരധിവാസ പാക്കേജിന്റെ പ്രധാന ഘടകങ്ങൾ താഴെപ്പറയും പ്രകാരമാണ്.</u>

- തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.
- ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം
- സ്വയം സംരംഭക സഹായ പദ്ധതി
- സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക
- സ്വയം തൊഴിൽ / നിക്ഷേപ സംരംഭങ്ങൾ

(സി) ഇതിനായി സർക്കാർ എന്തു തുക നീക്കിവെച്ചെന്നും എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കാമോ ?

(സി) നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് സൗദി അറേബ്യയിൽ നിന്നും തിരികെയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. ഈ പാക്കേജിന്റെ നടത്തിപ്പിനായി 50 കോടി രൂപ 2014 - 15 - ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രവാസികളുടെ പുനരധിവാസത്തിനായി 2013 - 14 സാമ്പത്തിക വർഷത്തിൽ 2.97 കോടി രൂപ വകയിരുത്തുകയും 125 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ